## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 06-03-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 133

### തീരദേശ കപ്പൽ ഗതാഗതം

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എം.വിൻസെന്റ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | തീരദേശ കപ്പൽഗതാഗത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 09/11/2013-ന് കൊല്ലം തുറമുഖത്ത് നടത്തുകയുണ്ടായി. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങൾ വികസിപ്പിച്ച് ഈ പദ്ധതി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകിയിരിക്കുന്നത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി കടൽ മാർഗ്ഗം തിരിച്ച് വിടുന്നതിനും, കാര്യക്ഷമമായ ഒരു ഗതാഗത സംവിധാനമായി ഇത് വികസിപ്പിക്കുക വഴി ചരക്ക് കൈകാര്യം ചെയ്യുന്നതിനും യാത്രക്കാരെ ആകർഷിക്കുന്നതിനും മേഖലയെ പര്യാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. 2020-ഓടെ ചരക്കുഗതാഗതത്തിന്റെ 40% വും 2030 ഓടുകൂടി 50% വും തീരദേശകപ്പൽ ഗതാഗതം വഴി ആക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ ഭാഗമായി സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് നൽകുന്നത് ; | (സി) | തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു മെട്രിക് ടൺ ചരക്കിന് ഒരു കിലോമീറ്റർ ദൂരത്തിലേക്ക് ഒരു രൂപ എന്ന നിരക്കിലും യാത്രക്കാർക്ക് ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുമ്പോൾ ഒരു രൂപ നിരക്കിലും ഇൻസെന്റീവ് നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചാർജ്ജിൽ 50% ഇളവും അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട് ; വിശദമാക്കമോ ? | (ഡി) വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിക്കായി സംസ്ഥാന സർക്കാർ നേരിട്ട് വികസിപ്പിക്കുന്നത്. കൊല്ലം തുറമുഖത്തിന്റെ ഒന്നാം ഘട്ടവികസനം ഏകദേശം പൂർത്തിയായിട്ടുള്ളതും, രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ബെർത്തിന്റെ പണിയും ചാനലിന്റെ ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ ഇവിടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.<br>ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്ര സാമഗ്രികളെല്ലാം സജ്ജമായിട്ടുണ്ട്. ആഴം വർദ്ധിപ്പിക്കുന്നതിനും കസ്റ്റംസ് ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൊടുങ്ങല്ലൂരിൽ പുതിയതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും, ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കോവളം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള സ്വകാര്യ സംരംഭകർ വാങ്ങിയ വിദേശ നിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമ ഘട്ടത്തി ലാണ്.<br>496 കോടി മുതൽ മുടക്കിൽ അഴീക്കൽ തുറമുഖം വികസിപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ പ്രത്യേക വികസന പദ്ധതിയായ KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ യാത്രാക്കപ്പൽ സർവ്വീസി നായി ആലപ്പുഴയിൽ പാസഞ്ചർ ടെർമിനൽ സ്ഥാപിക്കാൻ 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 50 കോടി രൂപ KIIFB-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ സാഗർമാല പദ്ധതി യിലുൾപ്പെടുത്തി അഴീക്കൽ തുറമുഖ വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്നതിന് 3491/- കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ